ഹദീസ്

പി.വൈ സൈഫുദ്ദീൻ

# നന്ദിയുള്ള അടിമയാവുക

عن عائشةَ رضي الله عنها،أنَّ النبيَّ صلَّى الله عليه وسلَّم كَانَ يَقُومُ مِنَ اللَّيْلِ حَتَّى تَتَفَطَّرَ قَدَمَاهُ، فَقَالَتْ عَائِشَةُ : لِمَ تَصْنَعُ هَذَا يَا رَسُولَ اللَّهِ وَقَدْ غَفَرَ اللَّهُ لَكَ مَا تَقَدَّمَ مِنْ ذَنْبِكَ وَمَا تَأَخَّرَ! قَالَ : أَفَلاَ أُحِبُّ أَنْ أَكُونَ عَبْدًا شَكُورًا ؟ (متفق عليه)

**ആഇശ (റ) പറയുന്നു. നബി(സ) രാത്രിയിൽ എഴുന്നേറ്റ് പ്രഭാതം പുലരുന്നതു വരെ നമസ്കരിച്ചിരുന്നു. ഞാൻ പ്രവാചകനോട് ചോദിച്ചു: 'അല്ലയോ നബിയേ, അങ്ങയുടെ കഴിഞ്ഞ കാലത്തെയും വരാനിരിക്കുന്ന കാലത്തെയും മുഴുവൻ ദോഷങ്ങളും അല്ലാഹു പൊറുത്തുതന്നതാണല്ലോ, പിന്നെ എന്തിനാണ് ഇങ്ങനെ?' നബി (സ) പറഞ്ഞു: 'നന്ദിയുള്ള ഒരടിമയാവാൻ ഞാൻ ഇഷ്ടപ്പെടുകയില്ലേ?'**

അളവറ്റ സ്നേഹവും സ്മരണയും നന്ദിയും വിധേയത്വവും കാരുണ്യവാരിധിയായ നാഥനോടുള്ളവരാണ് സത്യവിശ്വാസികൾ.

അതീവ ഭക്തനായ ഇബ്റാഹീമുബ്നു അദ്ഹമിനോട് ഒരാൾ ചോദിച്ചു: എങ്ങനെയാണിത്രയും ഭക്തി കൈവരിച്ചത്? ഇബ്റാഹീമുബ്നു അദ്ഹമിന്റെ മറുപടി ഇങ്ങനെയായിരുന്നു. 'ഭക്തനാണെന്ന് ഞാൻ സ്വയം കരുതാറില്ല. ശരിയായ ഭക്തിയിലേക്കെത്താൻ ഇനിയും ഒരുപാട് ചെയ്തു തീർക്കേണ്ടതുണ്ട്. എന്റെ ജീവിതം മാറ്റിയത് ഒരടിമയാണ്. ഞാൻ ബൽഖിലെ രാജാവായിരുന്നപ്പോൾ ഒരു അടിമയെ വാങ്ങി, നിനക്കെന്ത് ഭക്ഷണം വേണമെന്ന് ഞാൻ അടിമയോട് ചോദിച്ചു. തനിക്ക് പ്രിയപ്പെട്ട ഭക്ഷണമില്ലെന്നും യജമാനൻ തരുന്നതെന്തും ഭക്ഷിക്കാൻ തയാറാണെന്നും അടിമ പറഞ്ഞു. ഏത് വസ്ത്രം വേണമെന്ന് ചോദിച്ചപ്പോഴും യജമാനൻ തരുന്നതെന്തും ധരിക്കുമെന്നു പറഞ്ഞു. പേരെന്തെന്നു ചോദിച്ചപ്പോൾ യജമാനൻ വിളിക്കുന്നതാണെന്റെ പേര് എന്നായിരുന്നു മറുപടി. ഈ മറുപടികൾ എന്നെ ചിന്തിപ്പിച്ചു. ഒരു മനുഷ്യൻ തന്റെ യജമാനനോട് ഇത്രയും അനുസരണവും സമർപ്പണവും സംതൃപ്തിയും പുലർത്തുണ്ടെങ്കിൽ ലോകരക്ഷിതാവായ അല്ലാഹുവിന്റെ അടിമയായ ഞാൻ എത്ര മാത്രം നന്ദി കാണിക്കണം എന്നായി എന്റെ ചിന്ത. ഞാൻ ജീവിച്ചുപോന്ന വഴികൾ മാറിയത് അങ്ങനെയാണ്.'

''അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണാന് ശ്രമിച്ചാൽ എണ്ണിത്തീർ